# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 13, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

## <u>പാചകവാതക വിതരണത്തിലെ ക്രമക്കേട്</u>

*91 ശ്രീ. സി. കെ. നാണു
'' മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാപ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണത്തിലെ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനാഥാലയം, ധർമ്മസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഗാർഹിക നിരക്കിലാണോ വാണിജ്യനിരക്കിലാണോ പാചകവാതകം വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്യാസ് ഏജൻസികൾ വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് ഗാർഹിക നിരക്കിലും, ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് വാണിജ്യനിരക്കിലും തുക ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

(ഇ) പാചകവാതക സിലിണ്ടർ ഉപഭോക്താവിന്റെ വാസസ്ഥലത്ത് എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ ഏജൻസികൾ വൈമുഖ്യം കാണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

റേഷൻ സബ്സിഡി

*92 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' ഇ. പി. ജയരാജൻ
'' എ. എം. ആരിഫ്
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജി സ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ ഷാപ്പുകളിൽ റേഷനരിയുടെ വില പൂർണ്ണമായും ഈടാക്കി സബ്സിഡി പിന്നീട് ബാങ്ക് അക്കൗണ്ട് വഴി നൽകിയാൽമതിയെന്ന തീരുമാനം എടുത്തിട്ടുണ്ടോ; ആദ്യം റേഷൻ ഷാപ്പുകളിൽ നിന്നും പിന്നീട് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും സബ്സിഡി എടുത്തുകളയാനാണോ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) റേഷനരിക്ക് സബ്സിഡി നൽകേണ്ടി വന്ന സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കൂടിയ വില നൽകി റേഷനരി വാങ്ങാൻ ഗതിയില്ലാത്ത നിർദ്ധനരാണ് റേഷൻകടകളിലെത്തുന്നതെന്ന വസ്തുത കണക്കിലെടുത്ത് സബ്സിഡിയോടു കൂടി തന്നെ റേഷൻ അരി തുടർന്നും വിതരണം ചെയ്യാൻ തയ്യാറാകുമോ;

(ഡി) റേഷൻ സബ്സിഡി ഇനത്തിൽ സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

''ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം''

*93 ശ്രീ. കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം'' പ്രകാരം കേന്ദ്ര സർക്കാർ റേഷൻ സാധനങ്ങളുടെ വില നിശ്ചയിക്കുമ്പോൾ അരിയുടെയും മറ്റും വില വർദ്ധിക്കാനിടയായിട്ടുണ്ടോ ; എങ്കിൽ ഇതിനകമുണ്ടായ വർദ്ധന വിശദമാക്കാമോ ;

(ബി) എ.പി.എൽ, ബി.പി.എൽ റേഷൻ സാധനങ്ങൾക്ക് ഇതു മൂലം എത്ര കണ്ട് വിലവർദ്ധിക്കുകയുണ്ടായി ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും ലഭിച്ച നിർദ്ദേശം എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ദുരന്ത നിവാരണം

*94 ശ്രീ. സി. എഫ്. തോമസ്
'' തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണത്തിനുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ദുരന്ത നിവാരണത്തെ കുറിച്ചും രക്ഷാ പ്രവർത്തനങ്ങളെക്കുറിച്ചും സാധാരണ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാല</u>

*95 ശ്രീ. വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം തരം കോളേജുകളെയാണ് ഈ സർവ്വകലാശാലയുടെ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത സർവ്വകലാശാല അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

വായനശാലകള്‍

*96 ശ്രീ. കെ. ദാസന്‍
'' കോടിയേരി ബാലകൃഷ്ണന്‍
" വി. ശിവന്‍കുട്ടി
" ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വായനശാലകളുടെ പ്രവര്‍ത്തനം സംസ്ഥാനത്ത് കൂടുതല്‍ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ രംഗത്ത് സംസ്ഥാന ലൈബ്രറി കൗണ്‍സില്‍ നടത്തുന്ന പ്രവര്‍ത്തനങ്ങളെ പ്രോത്സാഹിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന ലൈബ്രറി കൗണ്‍സിലിന് അര്‍ഹമായ ഗ്രാന്റ് യഥാസമയം നല്‍കുന്നതില്‍ വീഴ്ച ഉണ്ടായിട്ടുണ്ടോ; ഈ വര്‍ഷം ഇതിനകം നല്‍കിയ ഗ്രാന്റ് തുക എത്ര കോടിയാണ്; 2012–13–ലെ ബഡ്ജറ്റില്‍ ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണ്;

(ഡി) കൗണ്‍സില്‍ നടത്തുന്ന മികച്ച പ്രവര്‍ത്തനങ്ങള്‍ക്ക് ഈ തുക മതിയാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) അര്‍ഹമായ ഗ്രാന്റ് എത്രയും പെട്ടെന്ന് നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

## സ്കൂൾ അപ്ഗ്രഡേഷൻ

*97 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' എം. ഹംസ
'' പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എയിഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിർദ്ദേശം നിലവിലുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ഓപ്പണ്‍ മാര്‍ക്കറ്റ് സെയില്‍സ് സ്കീം

*98 ശ്രീ. ഇ. കെ. വിജയന്‍
'' മുല്ലക്കര രത്നാകരന്‍
,, ജി. എസ്. ജയലാല്‍
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങളുടെ വില വര്‍ദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കില്‍ റേഷന്‍ കടകള്‍ വഴി വിറ്റഴിക്കുന്ന സാധനങ്ങളുടെ ഇപ്പോഴത്തെ വിലയും വര്‍ദ്ധിപ്പിക്കാനുദ്ദേശിക്കുന്ന വിലയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) റേഷന്‍ കടകളിലൂടെ ഓപ്പണ്‍ മാര്‍ക്കറ്റ് സെയില്‍സ് സ്കീം എന്നുമുതലാണ് ആരംഭിക്കുന്നത് ; വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ഇനം സാധനങ്ങളാണ് ഈ സ്കീമിലൂടെ വിറ്റഴിക്കുവാനുദ്ദേശിക്കുന്നത് ; ഇതിലൂടെയുള്ള സാധനങ്ങളുടെ വില വിവരം ഓരോന്നിനും എത്ര വീതമാണെന്ന് വിശദമാക്കാമോ ;

(ഡി) ഓപ്പണ്‍ മാര്‍ക്കറ്റ് സെയില്‍സ് സ്കീം അനുസരിച്ച് വിറ്റഴിക്കാന്‍ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വില കുറയ്ക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ അതിനായി സ്വീകരിച്ച നടപടികള്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അരിവില വർദ്ധന</u>

*99 ശ്രീമതി. കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വില ക്രമാതീതമായി വർദ്ധിക്കുമ്പോഴും സർക്കാർ നിയന്ത്രിത സ്റ്റോറുകളിൽ ആവശ്യത്തിന് അരി ലഭ്യമല്ല എന്നകാര്യം പരിശോധിക്കുമോ;

(സി) വില നിയന്ത്രണത്തിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

സംസ്ഥാനത്തെ സി.ബി.എസ്.ഇ സ്കൂളുകൾ

*100 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. രാധാകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.ബി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകർക്ക് കേന്ദ്രനിരക്കിൽ വേതനം നൽകുന്നുണ്ടോ; വിശദമാക്കാമോ; ഇതു സംബന്ധമായി കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ വിധി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സി.ബി.എസ്.ഇ സ്കൂളുകൾ വിദ്യാർത്ഥികളിൽ നിന്നും അനധികൃതമായി തലവരിപണം വാങ്ങുന്നതായി അറിയാമോ;

(സി) സർക്കാർ എൻ.ഒ.സി നൽകി ആരംഭിച്ച സി.ബി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും വേതനം, വിദ്യാർത്ഥികളുടെ ഫീസ് തുടങ്ങിയ കാര്യങ്ങളിൽ മാനേജ്മെന്റുകൾ നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ ഇതിനകം എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുകയുണ്ടായി; ആകെ എത്ര സി.ബി.എസ്.ഇ സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു;

(ഇ) സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരെ സംബന്ധിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ലഭ്യമായ കണക്കുകൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഉച്ചഭക്ഷണം നൽകിയതിലെ കുടിശ്ശിക</u>

*101 ശ്രീ. പി. തിലോത്തമൻ
'' മുല്ലക്കര രത്നാകരൻ
'' ചിറ്റയം ഗോപകുമാർ
'' കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകിയ വകയിൽ സ്കൂളുകൾക്ക് കുടിശ്ശിക നല്കാനുണ്ടോ; എങ്കിൽ മൊത്തം എത്ര കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളുകൾക്ക് നൽകാനുള്ള കുടിശ്ശിക ഓരോ അദ്ധ്യയന വർഷത്തിലും എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന കുടിശ്ശിക ഉച്ചഭക്ഷണ പദ്ധതിയുടെ അന്ത്യം കുറിച്ചുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഫണ്ടിലേക്ക് ഇതിനാവശ്യമായ തുക അനുവദിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ലാന്റ് ബാങ്ക്

*102 ശ്രീ. കെ. അജിത്
'' സി. ദിവാകരൻ
ശ്രീമതി. ഗീതാ ഗോപി
,, ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലാന്റ് ബാങ്കിൽ എത്ര ഹെക്ടർ ഭൂമി ഇപ്പോൾ നിക്ഷേപമായിട്ടുണ്ട്;

(ബി) 2012 മേയ് മാസത്തിൽ ലാന്റ് ബാങ്കിൽ എത്ര ഹെക്ടർ ഭൂമി ഉണ്ടായിരുന്നു;

(സി) പ്രസ്തുത ബാങ്കിലെ ഭൂമി വിതരണം ചെയ്തിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തു; ഏതെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് ഭൂമി വിതരണം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃതമായി കയ്യേറിയ റവന്യൂഭൂമി ഒഴിപ്പിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഇടുക്കി ജില്ലയിൽ അനധികൃതമായി ഭൂമി കയ്യേറ്റം നടത്തി റിസോർട്ടുകൾ നിർമ്മിച്ചിട്ടുണ്ടോ; വാഗമൺ പ്രദേശത്ത് കയ്യേറ്റക്കാരിൽ നിന്നും പ്രസ്തുത ഭൂമി ഒഴിപ്പിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ബാങ്കുകൾ വഴി റേഷൻ സബ്സിഡി

*103 ശ്രീ. വി. ശശി
'' ഇ. ചന്ദ്രശേഖരൻ
'' പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സബ്സിഡി ബാങ്കുകൾ വഴി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) റേഷൻ സബ്സിഡി ലഭിക്കുന്നതിന് പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം റേഷൻ സാധനങ്ങൾക്ക് എത്ര നിരക്കിൽ സബ്സിഡി നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഭൂവിനിയോഗ നിയമം</u>

*104 ശ്രീ. ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂവിനിയോഗ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പുതിയ നിയമ നിർമ്മാണത്തിന്റെ പ്രധാന ഉദ്ദേശ്യമെന്താണെന്നറിയിക്കാമോ ;

(സി) പുതിയ നിർദ്ദേശം നെൽവയലുകളുടെയും നീർത്തടങ്ങളുടെയും നിലനില്പിനെത്തന്നെ ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് നിലവിലുള്ള സംരക്ഷണ നിയമങ്ങൾ, പുതിയ നിയമം നിലവിൽ വരുന്നതോടെ ഇല്ലാതാകുമോ ;

(ഇ) ഈ നിയമഭേദഗതി സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകൾ തമ്മിൽ ഭിന്നാഭിപ്രായം നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

<u>റോഡ് വികസന പദ്ധതി</u>

*105 ശ്രീ. എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കിലോമീറ്റർ റോഡാണ് ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നത്;

(സി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ഇ) പദ്ധതി നടപ്പാക്കാനുള്ള റോഡുകൾ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ദുരന്ത നിവാരണ പദ്ധതി

*106 ശ്രീ. ഹൈബി ഈഡൻ
'' കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്തങ്ങൾക്കെതിരെ പ്രതിരോധിക്കാനും ദുരന്ത മുഖങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയിൽ ജനപ്രതിനിധികളെ പങ്കാളികളാക്കുന്നുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന
കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ മേഖലയിലെ സാമ്പത്തിക അച്ചടക്കം</u>

*107 ശ്രീ. പി. ഉബൈദുള്ള
'' റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തുകയുണ്ടായി എന്ന് വിശദമാക്കുമോ;

(ബി) ഈ ക്രമീകരണങ്ങൾ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ സർക്കാർ പുതിയതായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾമൂലം എന്ത് സാമ്പത്തികനേട്ടം ഉണ്ടാക്കാനായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഭൂപരിഷ്കരണ നിയമം</u>

*108 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' എൻ. ഷംസുദ്ദീൻ
,, കെ.എൻ.എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ ലക്ഷ്യമിട്ടിരുന്ന ഉദ്ദേശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) ഭൂപരിഷ്കരണ നിയമ നടത്തിപ്പിൽ വ്യത്യസ്ത സാഹചര്യങ്ങളാൽ, കൈവശം വയ്ക്കാവുന്ന ഭൂമി പോലും നഷ്ടപ്പെട്ടവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു സമഗ്ര പരിശോധന നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>പാചകവാതക ക്ഷാമം</u>

*109

ശ്രീ. ജെയിംസ് മാത്യു
,, ബാബു എം. പാലിശ്ശേരി
,, ആർ. രാജേഷ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക സിലിണ്ടറുകളുടെ എണ്ണം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതു മൂലം ഉപഭോക്താക്കൾ നേരി ടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡിയോടുകൂടിയ പാചക വാതക സിലിണ്ടർ വീട് ഒന്നിന് പ്രതിവർഷം 12 വീതം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള പാചകവാതക ക്ഷാമം പരിഹരിക്കുന്ന തിന് എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ;

(ഡി) പാചകവാതക ക്ഷാമം പരിഹരിക്കുന്നതിന് എന്തു നട പടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഉപഭോക്താവ് മുൻവർഷം വാങ്ങിയതിൽ കൂടുതൽ സിലിണ്ടറുകൾ ഈ വർഷം അനുവദിക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവോ; വെളിപ്പെടു ത്തുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കയർ ഗ്രാമം പദ്ധതി</u>

*110 ശ്രീ. വി. റ്റി. ബൽറാം
'' ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസിയുമായി ചേർന്നാണ് നടപ്പാക്കുനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എവിടെയെല്ലാമാണ് ഇത് തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കയറുല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**13.12.2012–ലെ മറുപടിക്ക്**

<u>സാങ്കേതികപഠന മേഖലയിലെ പ്രശ്നങ്ങൾ</u>

*111 ശ്രീ. കെ. എൻ. എ. ഖാദർ
'' സി മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യത്തിനുണ്ടായിട്ടും ഇവിടത്തെ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ അഡ്മിഷൻ തേടി പോകുന്നതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതേക്കുറിച്ച് പഠിക്കാൻ നിർദ്ദേശം നൽകുമോ ;

(ബി) സാങ്കേതിക പഠന മേഖലയിൽ ഉണ്ടായിട്ടുള്ള പാകപ്പിഴകൾക്ക് കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) സ്വാശ്രയ മേഖലയിലെ സ്ഥാപനങ്ങളിൽ ആവശ്യത്തിന് സൗകര്യങ്ങളുണ്ടോ എന്നും പരിചയസമ്പന്നരും യോഗ്യരുമായ അദ്ധ്യാപകരുണ്ടോ എന്നും ഇതോടനുബന്ധിച്ച് പരിശോധിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

*112 ശ്രീ. കെ. ശിവദാസൻ നായർ
'' തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്;

(സി) വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യതകളും ആത്മ വിശ്വാസവും വർദ്ധിപ്പിക്കാനുതകുന്ന എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റീസർവ്വേ</u>

*113 ശ്രീ. സി. കൃഷ്ണൻ
'' എ.കെ. ബാലൻ
" എളമരം കരീം
" ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാത്തരം ഭൂമികളുടെയും റീസർവ്വേ നടത്തിപ്പ് നടപടികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിനകം എത്ര വില്ലേജുകളിൽ റീ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; അവശേഷിക്കുന്നവ എത്ര;

(സി) റീസർവ്വേ നടപടികൾക്ക് നിയുക്തമായ സംവിധാനങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) ഇനിമുതൽ സർക്കാർ ഭൂമി മാത്രം റീസർവ്വേ നടത്തിയാൽമതി എന്ന് ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) റീസർവ്വേ നിർത്തുന്നതോടെ ഈ രംഗത്ത് നാളിതുവരെ പ്രവർത്തിച്ചുവന്നവരെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) റീസർവ്വേ നടത്തുന്നതിന് നിലവിലുള്ള സംവിധാനത്തിന് പകരം സ്വകാര്യ ഏജൻസിയെ ചുമതലപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

വയലുകളും തണ്ണീർത്തടങ്ങളും അനധികൃതമായി നികത്തുന്ന നടപടി

*114 ശ്രീ. പാലോട് രവി
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നികത്തുന്ന വയലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഓരോ സ്ഥലത്തും ഇത് സംബന്ധിച്ച പരിശോധന നടത്തുന്നത് ആരാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തുതീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പൊതു വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

*115 ശ്രീ. തോമസ് ഉണ്ണിയാടൻ
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് പൊതുവിതണം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) പൊതു വിതരണ ശൃംഖല വഴികൂടുതൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പാട്ടക്കരാർ</u>

*116 ശ്രീ. എം. ഉമ്മർ
'' എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടകാലാവധി കഴിഞ്ഞതും, പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ സർക്കാർ വസ്തു വകകൾ സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വിശദമാക്കുമോ;

(ബി) പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാലാവധി കഴിഞ്ഞതും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കൾ തിരിച്ചെടുത്ത് പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>കായലുകളുടേയും തടാകങ്ങളുടേയും സർവ്വേ</u>

*117 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായലുകൾ പുഴകൾ തടാകങ്ങൾ എന്നിവിടങ്ങളിലെ കയ്യേറ്റം ഒഴിവാക്കുന്നതിനായി ഇവയുടെ വിസ്തൃതി തിട്ടപ്പെടുത്തുവാൻ സമഗ്രമായ സർവ്വേ നടപടികൾ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ റവന്യൂവകുപ്പ് റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി ക്രമങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ഇത്തരം സർവ്വേകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

നെല്ല് സംഭരണവും അരിവിതരണവും

*118 ശ്രീ. ജോസ് തെറ്റയിൽ
'' മാത്യു റ്റി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ല് അരിയാക്കി മാറ്റുവാൻ ആരെയാണ് ഏൽപിക്കുന്നത്;

(ബി) സപ്ലൈകോ വഴിയാണോ അരിവിതരണം നടത്തുന്നത്;

(സി) സ്വകാര്യമില്ലുകൾ കൂടിയവിലയ്ക്ക് അരി മറിച്ചു വില്ക്കുന്നുവെന്നും നിലവാരം കുറഞ്ഞ അരി സപ്ലൈകോ വഴി വിറ്റഴിക്കുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്കുനല്കിയത് എത്രമാസങ്ങൾക്ക് ശേഷമാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

*119 ശ്രീ. എം. ചന്ദ്രൻ
'' പി. കെ. ഗുരുദാസൻ
,, കെ. സുരേഷ് കുറുപ്പ്
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ ഇപ്പോൾ നെല്ല് സംഭരണം നടത്തുന്നുണ്ടോ;

(ബി) നെല്ല് അരിയാക്കി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവ സപ്ലൈകോ വഴി തന്നെ വിതരണം ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അരി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നത് ഏത് രീതിയിലാണ്; ഇതുമൂലം കമ്പോളത്തിലെ വില വർദ്ധനവ് പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കൈവശം വച്ചിട്ടുള്ള ഭൂമി</u>

*120 ശ്രീ. എസ്. ശർമ്മ
'' എ.കെ. ബാലൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി കൈവശം വച്ചിട്ടുള്ള ഭൂമിയുടെ ഉടമസ്ഥത പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നെന്ന് വിശദമാക്കുമോ;

(സി) സർക്കാർ നിയോഗിച്ചതനുസരിച്ച് റിട്ട. ജഡ്ജി ശ്രീ. മനോഹരൻ വിശദമായ പരിശോധനയ്ക്ക് ശേഷം എന്തെല്ലാം സംഗതികൾ കണ്ടെത്തുകയുണ്ടായി; വിശദമാക്കുമോ;

(ഡി) എച്ച്.എം.എല്ലിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത പെറ്റീഷനിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നെന്നും വിശദമാക്കുമോ;

(ഇ) ഹൈക്കോടതി ഇതിനകം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ; ഇതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(എഫ്) ഭൂമി മൊത്തം ഏറ്റെടുക്കാതെ ഭാഗികമായി വിട്ടു തരുന്നത് മാത്രം ഏറ്റെടുക്കുന്നത് സംസ്ഥാനത്തിന്റെ താല്പര്യത്തിന് എപ്രകാരമാണ് ഗുണകരമാകുന്നത്; ഇത് കമ്പനിയുടെ കയ്യിൽ അവശേഷിക്കുന്ന അനധികൃത ഭൂമിക്കെല്ലാം നിയമസാധുത നൽകാനിടയാകുമോ;

(ജി) പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 04.